പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *386

24.08.2017 -ലെ മറുപടിയ്ക്ക്

# തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.ജെ. ജോസഫ്
ശ്രീ.സി.എഫ്.തോമസ്
ഡോ. എൻ ജയരാജ് :

എ) തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്തമായ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) റിട്ട:ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.
2. തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.
3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസ-മില്ലാത്തതുമായ ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം.
4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.
5. തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനു വേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.
6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ 'വർക്കേഴ്സ് ക്വാർട്ടേഴ്സ്' എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.

7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.
8. കാലാവസ്ഥ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.
9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്
10. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.
11. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുളള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.
12. ഉപക്ഷേിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.
13. പ്രതി സന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.
14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

| | |
|---|---|
| ബി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെന്തെല്ലാമാണ്; | ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായുള്ള ഒരു എട്ടംഗ കമ്മിറ്റി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരുമായ ആളുകൾക്കുവേണ്ടി എന്ത് പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്; | സി) തോട്ടം മേഖയിലെ തൊഴിലാളികൾക്കായി 3-സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവർക്ക് 400 സ്ക്വയർ ഫീറ്റ് ഉള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 സ്ക്വയർ ഫീറ്റ് ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകുന്നതിനുള്ള 'Own your own housing' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഉറപ്പുവരുത്താൻ നടപ്പുസാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഡി) തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15(പി) എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ ഭവനം ഫൗണ്ടേഷൻ കേരള മുഖാന്തിരം സ്വീകരിച്ചുവരുന്നു. |

Sreedas
**സെക്ഷൻ ഓഫീസർ**